സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ രൂപീകരണം

116 [117] ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
,, ടി. യു. രാധാകൃഷ്ണൻ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. എ. കെ. മണി:
,, സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ രൂപീകരണം നടന്നതെന്നാണ്;

(ബി) ഇക്കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഈ കമ്മീഷൻ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി;

(സി) ഈ കമ്മീഷന്റെ പ്രവർത്തനംകൊണ്ട് എന്തെല്ലാം നേട്ടം ഉണ്ടാക്കാൻ കഴിഞ്ഞു;

(ഡി) ഈ കമ്മീഷന്റെ പ്രവർത്തനത്തെപ്പറ്റി ഒരന്വേഷണത്തിന് ഉത്തരവിടുമോ;

(ഇ) ഇക്കഴിഞ്ഞ അഞ്ചു വർഷത്തേക്ക് ഈ കമ്മീഷന്റെ പ്രവർത്തനത്തിന് എന്ത് തുക ചെലവായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ രൂപീകരണം നടന്നത് 1998 ഡിസംബർ 11-ാം തീയതിയാണ്.

(ബി) ഇക്കഴിഞ്ഞ 5 വർഷത്തിനുള്ളിൽ മനുഷ്യാവകാശ ലംഘനങ്ങളെക്കുറിച്ചുള്ള 16884 പരാതികൾ കമ്മീഷൻ പരിഗണിക്കുകയും അതിൽ 13092 എണ്ണത്തിൽ തീർപ്പ് കല്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ സംസ്ഥാനത്ത് ഗവൺമെന്റിന്റെ കീഴിലുള്ള വിവിധ ആശുപത്രികൾ, ജയിലുകൾ, അഗതി മന്ദിരങ്ങൾ തുടങ്ങിയവയിൽ സന്ദർശനം നടത്തുകയും ഗവൺമെന്റിനു റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരം സംസ്ഥാനത്തെ പല പോലീസ് സ്റ്റേഷനുകളിലും കമ്മീഷൻ മിന്നൽ സന്ദർശനം നടത്തിയിട്ടുണ്ട്. ഇതിന്റെ ഫലമായി സംസ്ഥാനത്തെ കസ്റ്റഡി മരണങ്ങളുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. കമ്മീഷന്റെ ഇടപെടൽ മൂലം പലതരത്തിലുമുള്ള ജനങ്ങൾക്ക് പലതരം സഹായങ്ങൾ ഗവൺമെന്റ് വകുപ്പുകളിൽ നിന്നും, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽനിന്നും, മറ്റ് അർദ്ധസർക്കാർ സ്ഥാപനങ്ങളിൽനിന്നും ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മനുഷ്യാവകാശങ്ങളെക്കുറിച്ചും അവയുടെ ലംഘനങ്ങൾ ഉണ്ടാകുമ്പോൾ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും ജനങ്ങളിൽ അവബോധം ഉണ്ടാക്കുവാൻ കമ്മീഷന് സാധിച്ചിട്ടുണ്ട്. അതിനുവേണ്ടി കേരളത്തിലെ 14 ജില്ലകളിൽ 13-ലും ചില താലൂക്ക് ആസ്ഥാനങ്ങളിലും സെമിനാറുകളും, സിംപോസിയങ്ങളും സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഗവൺമെന്റ് ഉദ്യോഗസ്ഥരിൽനിന്നും പ്രത്യേകിച്ച് പോലീസ്, എക്സൈസ്, ഫോറസ്റ്റ് എന്നീ വകുപ്പുകളിൽ നിന്നും ജനങ്ങൾക്ക് ഉണ്ടായിക്കൊണ്ടിരുന്ന മനുഷ്യാവകാശ ലംഘനങ്ങൾ കുറച്ചുകൊണ്ടുവരുന്നതിന് കമ്മീഷന്റെ പ്രവർത്തനം കൊണ്ട് സാധിച്ചിട്ടുണ്ട്. പോലീസ്, വനം, ജയിൽ, എക്സൈസ് എന്നീ വകുപ്പുകളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥൻമാർക്ക് മനുഷ്യാവകാശ സംരക്ഷണത്തെ സംബന്ധിച്ച് കമ്മീഷൻ പ്രത്യേകം ക്ലാസ്സുകൾ എടുക്കുകയും ഉന്നത ഉദ്യോഗസ്ഥർ ക്ലാസ്സുകളിൽ സംബന്ധിക്കുകയും ചെയ്തിട്ടുണ്ട്. ജനങ്ങളിൽ മനുഷ്യാവകാശ സംരക്ഷണത്തെ സംബന്ധിച്ചും മനുഷ്യാവകാശലംഘനം ഉണ്ടായാൽ സ്വീകരിക്കേണ്ട നടപടികളെകുറിച്ചും ബോധവാന്മാരാക്കാൻ കമ്മീഷന്റെ പ്രവർത്തനം മൂലം സാധിച്ചിട്ടുണ്ട്.

(ഡി) ഈ കമ്മീഷന്റെ പ്രവർത്തനത്തെക്കുറിച്ച് അന്വേഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഒരു പരാതിയും നിയമവകുപ്പിൽ ലഭിച്ചിട്ടില്ല.

(ഇ) ഇക്കഴിഞ്ഞ അഞ്ചു വർഷത്തിനിടയ്ക്ക് കമ്മീഷന്റെ പ്രവർത്തനത്തിനായി 4,71,00,853 (നാലുകോടി എഴുപത്തിയൊന്നുലക്ഷത്തി എണ്ണൂറ്റി അൻപത്തി മൂന്ന് രൂപ) രൂപ ചെലവായിട്ടുണ്ട്.

മനുഷ്യാവകാശ കമ്മീഷൻ ഇതുവരെ സമർപ്പിച്ച റിപ്പോർട്ടുകൾ

117 [118] ശ്രീമതി രാധാ രാഘവൻ:
ശ്രീ. കെ. മുഹമ്മദാലി:
,, കെ. പി. വിശ്വനാഥൻ:
,, വി. ബാലറാം:
,, എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ഇതുവരെ എത്ര റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്;

(ബി) ഗവൺമെന്റ് വകുപ്പുകളുടെ പ്രവർത്തനം മൂലം ഉണ്ടായിട്ടുള്ള മനുഷ്യാവകാശലംഘനങ്ങളുടെ പേരിൽ ആകെ എന്തു തുക നൽകണമെന്ന് ഈ കാലയളവിൽ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്;

(സി) ഈ കമ്മീഷന്റെ ഏതു വർഷം വരെയുള്ള പ്രവർത്തന റിപ്പോർട്ട് സമർപ്പിച്ചു എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly